**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 810** **14-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനഭൂമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ആകെ വനഭൂമി വിസ്തൃതി എത്രയാണെന്നും ഇത് ഏതു വർഷത്തെ കണക്ക് പ്രകാരം തിട്ടപ്പെടുത്തിയതാണെന്നും വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി 1153625.1 ഹെക്ടർ ആണ്. 2023-24 വർഷത്തെ ഭരണറിപ്പോർട്ട് പ്രകാരമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്.

**(ബി)** ഏതെങ്കിലും ഔദ്യോഗിക സർവെയുടെ അടിസ്ഥാനത്തിലാണോ ഈ കണക്കിലേക്ക് സംസ്ഥാനം എത്തിച്ചേർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

**മറുപടി:** റിസർവ്വ് ഫോറസ്റ്റ്, വെസ്റ്റഡ് ഫോറസ്റ്റ്, ഇ.എഫ്.എൽ, പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റ് നോട്ടിഫിക്കേഷനുകളുടെ അടിസ്ഥാനത്തിലാണ് ഈ കണക്ക് ലഭിച്ചിട്ടുള്ളത്.

**(സി)** കൈയ്യേറ്റ തർക്കങ്ങൾ നിലനിൽക്കുന്ന ഭൂമിയുടെ ആകെ അളവ് എത്രയാണെന്നും കയ്യേറ്റ തർക്കങ്ങൾ നിലനിൽക്കുന്ന ഭൂമികളുടെ വിസ്തൃതി കൂടി ഉൾപ്പെടുന്നതാണോ സംസ്ഥാനത്തെ ആകെ ഔദ്യോഗിക വനഭൂമി വിസ്തൃതിയെന്നും വ്യക്തമാക്കുമോ;

**മറുപടി:** വിവരം ശേഖരിച്ചുവരുന്നു.

**(ഡി)** തർക്കം ഉന്നയിക്കപ്പെട്ടിട്ടുള്ള ഭൂമികളിലെ തർക്കം തീർക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**മറുപടി:** 01.01.1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വനം കയ്യേറ്റം തടയുന്നതിന്റെ ഭാഗമായി ജണ്ടകൾ നിർമ്മിക്കുകയും, വനമേഖലകളിൽ നിരന്തരമായ പട്രോളിംഗും മറ്റും നടത്തി വരുന്നു. കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**